അബൂസ്വാലിഹ

## ഡോ. മുഹമ്മദ് ഇമാറയെക്കുറിച്ച് ഡോക്യുമെന്ററി



**പ്രശസ്ത** ഇസ്‌ലാമിക ചിന്തകനും ചരിത്രകാരനുമായ ഡോ. മുഹമ്മദ് ഇമാറയെക്കുറിച്ച് ഡോക്യുമെന്ററി ഫിലിം. അദ്ദേഹത്തെ ആദരിക്കാൻ ഈജിപ്ഷ്യൻ തലസ്ഥാന നഗരിയായ കയ്‌റോവിൽ സംഘടിപ്പിച്ച ചടങ്ങിൽ വെച്ചായിരുന്നു ഡോക്യുമെന്ററിയുടെ ആദ്യ പ്രദർശനം. മർകസുൽ ഇഅ്‌ലാമിൽ അറബിയാണ് പരിപാടി സംഘടിപ്പിച്ചത്. ഇസ്‌ലാമിന്റെ സന്തുലിതവും മിതവാദപരവുമായ ചിന്തകളെ ഉയർത്തിപ്പിടിക്കുന്ന ചിന്തകന്മാരെയും പണ്ഡിതന്മാരെയും ഈ കൂട്ടായ്മ ആദരിച്ച് പോരുന്നുണ്ട്. ഡോ. ഹസൻ ശാഫി (കയ്‌റോ യൂനിവേഴ്‌സിറ്റി തത്ത്വശാസ്ത്രം പ്രഫസർ), ഡോ. ജാബിർ ഖമീഹ (അറബി ഭാഷ പ്രഫസർ), മർഹൂം ഡോ. അഹ്‌മദ് അസാൽ എന്നിവരാണ് നേരത്തെ ആദരിക്കപ്പെട്ടവർ


## ലോക പണ്ഡിത കൗൺസിൽ ട്രസ്റ്റിൽ മൂന്ന് വനിതകൾ



**ഡോ.** യൂസുഫുൽ ഖറദാവി നേതൃത്വം നൽകുന്ന ലോക ഇസ്‌ലാമിക പണ്ഡിത കൗൺസിലിന്റെ ട്രസ്റ്റിൽ ഇതാദ്യമായി മൂന്ന് വനിതകൾ. ഡോ. സൈനബ് അബ്ദുൽ അസീസ് (ഫ്രഞ്ച് ഭാഷാ അധ്യാപിക, കയ്‌റോ യൂനിവേഴ്‌സിറ്റി), ഡോ. ഫാത്വിമ നഫീസ് (സുഊദി ഖുർആൻ-നബിചര്യ പഠന ശാഖയിൽ വനിതാ വിഭാഗത്തിന്റെ അധ്യക്ഷ), ഡോ. നസീഹ മആരീജ് (മൊറോക്കോ മുഹമ്മദ് ഒന്നാമൻ യൂനിവേഴ്‌സിറ്റിയിൽ ഇസ്‌ലാമിക പഠനവിഭാഗം അധ്യാപിക) എന്നിവരാണ് ട്രസ്റ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ. ഖത്തർ തലസ്ഥാനമായ ദോഹയിൽ ചേർന്ന യോഗത്തിൽ വെച്ചായിരുന്നു തെരഞ്ഞെടുപ്പ്.

## ഫലസ്ത്വീനീ ടൂർ ഗൈഡുകൾക്ക് വിലക്ക്

**അധിനിവിഷ്ട** ഖുദ്‌സിലെ പുണ്യ സ്ഥലങ്ങൾ സന്ദർശിക്കാനെത്തുന്നവർക്ക് ഫലസ്ത്വീനികൾ വഴികാട്ടികളായി പോകാൻ പാടില്ലെന്ന് ഇസ്രയേലീ അധികൃതർ. ഇസ്രയേലി പാർലമന്റ് ഇതു സംബന്ധമായി നിയമവും പാസ്സാക്കിയിട്ടുണ്ട്. നിയമപ്രകാരം പതിനൊന്ന് പേരിൽ കൂടുതലുള്ള വിദേശി ടൂറിസ്റ്റ് സംഘങ്ങൾക്ക് ഗൈഡാവാൻ ഇനി ഫലസ്ത്വീനികൾക്ക് കഴിയില്ല. ഫലസ്ത്വീനികൾ ഇസ്രയേലി പൗരന്മാരല്ലാത്തതാണ് കാരണമായി പറയുന്നതെങ്കിലും, ഖുദ്‌സിനെയും തൊട്ടടുത്തുള്ള മറ്റു പുണ്യ സ്ഥലങ്ങളെയും കുറിച്ച യഥാർഥ ചരിത്ര വിവരണങ്ങളാണ് ഫലസ്ത്വീനികൾ നൽകുക എന്നതാണ് ഇസ്രയേലിനെ ശുണ്ഠി പിടിപ്പിക്കുന്നത്. കെട്ടിച്ചമച്ച ചരിത്രവും പൈതൃകവും പറയാൻ ഇസ്രയേലീ ഗൈഡുകൾ തന്നെ വേണമല്ലോ.




## റോട്ടർഡാമിൽ ഇസ്‌ലാമിക് യൂനിവേഴ്‌സിറ്റി

**ഹോളണ്ടിലെ** റോട്ടർഡാം നഗരത്തിൽ യൂറോപ്യൻ ഇസ്‌ലാമിക് യൂനിവേഴ്‌സിറ്റി ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചു. തുർക്കി പ്രവാസ കാര്യ മന്ത്രി, ഹോളണ്ടിലെ തുർക്കി അംബാസഡർ, മറ്റു മുസ്‌ലിം നാടുകളിൽ നിന്നുള്ള അംബാസഡർമാർ, ഹോളണ്ടിലെ



വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ ഉൾപ്പെടെ വലിയൊരു ജനാവലി ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. യൂനിവേഴ്‌സിറ്റി തലവൻ ഡോ. നദീം ബഹ്ജത്ത് കാബീലി തന്റെ ആമുഖ ഭാഷണത്തിൽ, ഹോളണ്ടിൽ മാത്രമല്ല, യൂറോപ്പിലുടനീളമുള്ള മുസ്‌ലിം സമൂഹങ്ങളെ (ഇവരുടെ അംഗസംഖ്യ മൊത്തം 30 മില്യൻ) യൂറോപ്യൻ സമൂഹങ്ങളുമായി ബന്ധിപ്പിക്കുന്ന കണ്ണിയായി ഈ സ്ഥാപനം നിലകൊള്ളുമെന്ന് പ്രഖ്യാപിച്ചു. റോട്ടർഡാം മേയർ തന്റെ പ്രഭാഷണത്തിൽ, മുസ്‌ലിംകളും ഇതര മതസ്ഥരും തമ്മിലുള്ള സഹവർത്തിത്വത്തിലേക്കാണ് വിരൽ ചൂണ്ടിയത്. ഇസ്‌ലാമിക് യൂനിവേഴ്‌സിറ്റി അതിന് സഹായകരമാകുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

## ഇസ്രയേലിന് എംബസി അനുവദിക്കുമെന്ന്



**അടുത്ത** വർഷം നടക്കാനിരിക്കുന്ന ഹിതപരിശോധനയിൽ സുഡാന്റെ തെക്കൻ പ്രവിശ്യ സ്വതന്ത്ര രാഷ്ട്രമായി തീരുന്ന പക്ഷം അവിടെ ഇസ്രയേലിന് എംബസി അനുവദിക്കുമെന്ന തെക്കൻ സുഡാനിലെ വിഘടിത നേതാവ് സൽവാകീർ മയാർദിറ്റ്. ഇസ്രയേലുമായി ഊഷ്മള ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യും. 'ഇസ്രയേൽ ഫലസ്ത്വീനികളുടെ ശത്രുവാണ്; തെക്കൻ സുഡാനികളുടെ ശത്രുവല്ല' ഇതാണ് മയാർദിറ്റിന്റെ ന്യായം.


## ചാനലുകൾ തിരിച്ചുവരുന്നു

**ഈജിപ്തിലെ** സാറ്റലൈറ്റ് കമ്പനി നൈൽ സാറ്റ് വിലക്ക് ഏർപ്പെടുത്തിയ ഒട്ടുമിക്ക ഇസ്‌ലാമിക ചാനലുകളും തിരിച്ചുവരുന്നു. വിലക്കേർപ്പെടുത്തപ്പെട്ട അർറഹ്മ ചാനൽ 'റൗള' എന്ന പേരിൽ തിരിച്ചുവന്നു. നൂർസാറ്റ് സാറ്റലൈറ്റ് കമ്പനിയാണ് ഇത് സംപ്രേഷണം ചെയ്യുന്നത്. അൽഹിക്മ, വിസ്വാൽ എന്നീ ചനലുകളും പുനഃസംപ്രേഷണം ആരംഭിച്ചു. അന്നാസ്, ഖലീജിയ്യ, ഹാഫിള് തുടങ്ങിയ ചാനലുകളും തിരിച്ചുവരവിന്റെ പാതയിലാണ്.



## അവ രണ്ടും ജൂതന്മാരുടേതല്ല

**ബൈത്തുലഹ്മിലെ** ബിലാലുബ്നു റബാഹ് പള്ളിക്കും ഖലീലിലെ ഇബ്‌റാഹീമീ പള്ളിക്കും ജൂത പൈതൃകവുമായി യാതൊരു ബന്ധവുമില്ലെന്ന് യുനെസ്കോ. ഐക്യരാഷ്ട്രസഭയുടെ വിദ്യാഭ്യാസ-സാംസ്കാരിക വേദിയാണ് യുനെസ്കോ. ഇവ രണ്ടും ജൂത മതപാരമ്പര്യത്തിൽ പെടുന്ന സ്മാരകങ്ങളാണ് എന്ന അവകാശവാദത്തെ ചോദ്യം ചെയ്ത യുനെസ്കോ, അവയെ ജൂത പൈതൃക പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു. ഫലസ്ത്വീനി ചരിത്ര സ്മാരകങ്ങളുള്ള പ്രദേശങ്ങളിൽ ഇസ്രയേൽ നടത്തുന്ന ഖനനവും മറ്റും അന്താരാഷ്ട്ര നിയമങ്ങൾക്ക് നിരക്കാത്തതാണെന്നും ഇതേക്കുറിച്ച് അന്വേഷിക്കാൻ ഒരു വിദഗ്ധ സംഘത്തെ നിയോഗിക്കണമെന്നും യുനെസ്കോ അഭിപ്രായപ്പെട്ടു.




ഇസ്രയേൽ പ്രധാനമന്ത്രി ബെൻയാമിൻ നെതന്യാഹു യുനെസ്കോ റിപ്പോർട്ടിനെ കടുത്ത ഭാഷയിൽ വിമർശിച്ചു. കഴിഞ്ഞ ഫെബ്രുവരിയിലാണ് ഇബ്‌റാഹീമി-ബിലാൽ മസ്ജിദുകളെ ഇസ്രയേൽ ജൂത പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇതിനെതിരെ മുസ്‌ലിം ലോകത്ത് ശക്തമായ പ്രതിഷേധമുയർന്നിരുന്നു.

## ഡോ. ശൂറുവിനെ മോചിപ്പിച്ചു

**തുനീഷ്യയിലെ** ഇസ്‌ലാമിക പ്രസ്ഥാനമായ അന്നഹ്ളയുടെ മുൻ അധ്യക്ഷൻ ഡോ. സ്വാദിഖ് ശൂറുവിനെ (63) തുനീഷ്യൻ ഭരണകൂടം മോചിപ്പിച്ചു. നിയമവിരുദ്ധ സംഘടനയിൽ പ്രവർത്തിച്ചു എന്നാരോപിച്ച് 2008-ലാണ് ശൂറു അറസ്റ്റ് ചെയ്യപ്പെട്ടത്. ഇതിന് മുമ്പ് അദ്ദേഹം 18 വർഷം ജയിലിലായിരുന്നു.



## ഏറ്റവും പ്രചാരം 'മുഹമ്മദി'ന്

**ബ്രിട്ടനിൽ** ഏറ്റവും പ്രചാരമുള്ള പേര് മുഹമ്മദ് ആണെന്ന് *ഡെയ്‌ലി മെയ്ൽ* പത്രം. ജാക്ക്, ഹാരി എന്നീ പേരുകളെ പിന്തള്ളിയാണ് മുഹമ്മദ് ഒന്നാം സ്ഥാനത്തെത്തിയത്. 2008 വരെ 14 വർഷം ജാക് ആയിരുന്നു ഒന്നാം സ്ഥാനത്ത്. 2009-ലെ കണക്ക് പ്രകാരം 7549 കുട്ടികൾക്കാണ് ബ്രിട്ടനിൽ മുഹമ്മദ് എന്ന പേരിട്ടിരിക്കുന്നത്. ഇംഗ്ലീഷിൽ എഴുതുമ്പോൾ ഈ പേരിന് പന്ത്രണ്ടോളം വകഭേദങ്ങൾ കണ്ടുവരാറുണ്ട്. Muhammad, Mohammad, Muhamad പോലെ. ഈ വകഭേദങ്ങളെയെല്ലാം ഒന്നായി പരിഗണിച്ചുകൊണ്ടാണ് സ്ഥാന നിർണയം.

